**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1291** **19-06-2024 - ൽ മറുപടിയ്ക്ക്**

**പുതിയങ്ങാടി-മാളിക്കടവ് - കൃഷ്ണൻ നായർ റോഡ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി-മാളിക്കടവ് - കൃഷ്ണൻ നായർ റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻ നായർ റോഡ് പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 07.12.2018 -ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 106.92 കോടി രൂപ ഉൾപ്പടെ 155.45 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 28.03.2022 -ൽ 3,00,240/- രൂപ കണ്ടിജൻസി ചാർജ്ജ് ഇനത്തിലും 46,99,760/- രൂപ അഡീഷണൽ കണ്ടിജൻസി ചാർജ് ഇനത്തിലും ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന് നൽകുകയും 11(1) notification പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ആയതിന്റെ ഭാഗമായുള്ള ഹിയറിംഗ് നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ LA വിഭാഗവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത റോഡിന്റെ DPR തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് 07.12.2018 -ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 106.92 കോടി രൂപ ഉൾപ്പടെ 155.45 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായതാണ്. |

സെക്ഷൻ ഓഫീസർ